**File No.EXC/5308/2021-XE9**

**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 04/12/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC39/2021/EXCISE**

വിഷയം: എക്സൈസ് ഭരണപരം - യൂണിഫോം ധരിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

യൂണിഫോം ധരിച്ച് പ്രവർത്തിക്കുന്ന വകുപ്പാണ് എക്സൈസ് . നിയമ നിർവ്വഹണത്തിൽ സുതാര്യത ഉണ്ടായിരിയ്ക്കാനും, പൊതുസമൂഹത്തിന്റെ സഹായം ലഭിയ്ക്കുന്നതിനും, യൂണിഫോം, വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രവർത്തന സമയത്ത് സഹായിക്കുന്നു. ഇത് കൂടാതെ തന്നെ ഗൗരവതരമായ അധികാരങ്ങൾ കയ്യാളുന്ന ഒരു വകുപ്പിന്റെ ഓഫീസുകളുടെയും , പ്രവർത്തനമേഖലകളിൽ ഉദ്യോഗസ്ഥരുടേയും, അന്തസ്സിനും കെട്ടുറപ്പിനും, യൂണിഫോം നിയമങ്ങൾക്കനുസൃതമായും വൃത്തിയായും ധരിയ്ക്കേണ്ടത് ആവശ്യമാണ്. വകുപ്പിന്റെ ഓഫീസുകളിൽ കടന്നുവരുന്ന ഒരു വ്യക്തിക്ക് ആ ഓഫീസിനെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും ആദ്യചിത്രം നൽകുന്നത് അവിടെയുള്ള ഉദ്യോഗസ്ഥരുടെ പ്രകടമായി കാണുന്ന അവസ്ഥയാണ്. അതിനാൽ യൂണിഫോം ഭംഗിയായും നിയമാനുസൃതമായും ധരിക്കേണ്ടത് വകുപ്പിലെ ഓരോ ഉദ്യോഗസ്ഥന്റെയും ചുമതലയാണ്. അതോടൊപ്പം വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരും നിലവിലെ യൂണിഫോം ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള യൂണിഫോം കൃത്യമായും ധരിക്കേണ്ടതും, അപ്രകരമാണോ ജീവനക്കാർ യൂണിഫോം ധരിക്കുന്നത് എന്നത് ഉറപ്പാക്കേണ്ടത് ഓഫീസ് മേധാവിയുടെയും മറ്റ് മേലുദ്യോഗസ്ഥരുടെടേയും ചുമതലയാണ്.

രഹസ്യസ്വഭാവമുള്ള പ്രവർത്തനങ്ങൾക്കായി പുറത്ത് പോകുമ്പോഴോ ഡ്യൂട്ടി കഴിഞ്ഞുള്ള സമയങ്ങളിലോ മാത്രമാണ് യൂണിഫോമിലല്ലാതെ ഓഫീസിലും പൊതുജനമദ്ധ്യത്തിലും പെരുമാറാവുന്നത്. എന്നാൽ ഇക്കാര്യത്തിൽ പലയിടത്തും വീഴ്ചകൾ സംഭവിക്കുന്നതായി മനസ്സിലായിട്ടുണ്ട്. ആയതിനാൽ ഔദ്യോഗിക കൃത്യനിർവ്വഹണ സമയത്ത്, മേൽപറഞ്ഞ പ്രത്യേക അവസരങ്ങളിലല്ലാതെ യൂണിഫോം മാറ്റിവയ്ക്കാൻ പാടുള്ളതല്ല. റെയിഞ്ച് ഓഫീസ്, സർക്കിൾ ഓഫീസ്, എ.ഇ.സി. ഓഫീസ്, ഡിവിഷണൽ ഓഫീസ്, ഡിസ്റ്റിലറികൾ, ഗോഡൗണുകൾ, ഹൈവേ പട്രോൾ, ചെക്ക് പോസ്റ്റുകൾ എന്നിങ്ങനെ പൊതുസമൂഹത്തിലും , പൊതുജനങ്ങളുടെ മദ്ധ്യത്തിലും പ്രവർത്തിക്കുന്ന ഓഫീസുകളിലെ ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പാറാവ്, റൈറ്റർ എന്നീ ചുമതലകൾ വഹിക്കുന്നവർ കർത്തവ്യനിർവ്വഹണ സമയത്ത് യൂണിഫോമിൽ മാത്രമേ ജോലി ചെയ്യാവൂ. ഇതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ അച്ചടക്കനടപടി സ്വീകരിക്കുന്നതും, ഇക്കാര്യത്തിലുള്ള വീഴ്ചകളിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിക്കും മേലുദ്യോഗസ്ഥർക്കും ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

Signature valid
Digitally signed by Aananthakrishnan S
Date: 2021.12.04 12:20:39 IST
Reason: Approved

**S. AANANTHAKRISHNAN IPS**

**എക്സൈസ് കമ്മീഷണർ**

ഗ്രാഹകർ

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം, എൻഫോഴ്സ്മെന്റ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാ ഡിവിഷനുകളും)
6. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
7. എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)